**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം- 695001**

**വിജ്ഞാപനം**
**KEAM – 2022**
**സർക്കാർ/എയ്ഡഡ് എഞ്ചിനീയറിഗ്/ആർക്കിടെക്ചർ കോഴ്സിലേയ്ക്കുള്ള പ്രവേശനം -2022**
**ഓൺലൈൻ മോപ്-അപ് അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു**

സർക്കാർ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്കുള്ള 2022 -ലെ മോപ്-അപ് അലോട്ട്മെന്റ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഈ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ **22.10.2022 വൈകുന്നേരം 5.00** മണിക്ക് മുമ്പായി അതത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ ഹോം പേജിൽ നിന്നും അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുക്കേണ്ടതാണ്. ഈ ഘട്ടത്തിൽ ലഭ്യമാകുന്ന അലോട്ട്മെന്റ് മെമ്മോ പിന്നീട് ലഭ്യമാകുന്നതല്ല. ആയതിനാൽ അലോട്ട്മെന്റ് മെമ്മോയുടെ പകർപ്പ് വിദ്യാർത്ഥികൾ പിന്നീടുള്ള ആവശ്യങ്ങൾക്കായി സൂക്ഷിച്ചു വയ്ക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അവരുടെ ഹോം പേജിലെ 'Data Sheet' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് ഡാറ്റാ ഷീറ്റ് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. പ്രവേശനം നേടുന്ന സമയത്ത് ഡാറ്റാ ഷീറ്റ്, അലോട്ട്മെന്റ് മെമ്മോ എന്നിവയും പ്രോസ്പെക്ടസ് ക്ലോസ് 11.7.1 -ൽ പറഞ്ഞിരിക്കുന്ന ബാധകമായ രേഖകളും കോളേജ് അധികാരികൾക്ക് മുന്നിൽ ഹാജരാക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുമായ ഫീസ് (ബാധകമെങ്കിൽ) **21.10.2022 മുതൽ 22.10.2022, വൈകുന്നേരം 4 മണിവരെ** ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ ഒടുക്കിയശേഷം **22.10.2022 വൈകുന്നേരം 5** മണിക്കകം അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. പോസ്റ്റ് ഓഫീസുകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

നിശ്ചിത സമയത്തിനുള്ളിൽ ഫീസ്/അധിക തുക (ബാധകമെങ്കിൽ) ഒടുക്കി കോളേജുകളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് റദ്ദാകുന്നതാണ്. മോപ് അപ് അലോട്ട്മെന്റിലൂടെ അലോട്ട്മെന്റ് ലഭിച്ച ശേഷം മേൽ പറഞ്ഞിരിക്കുന്ന സമയത്തിനുള്ളിൽ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ/കോഴ്സിൽ പ്രവേശനം നേടാത്ത വിദ്യാർഥികളുടെയും പ്രവേശനം നേടിയ ശേഷം വിടുതൽ വാങ്ങുന്ന വിദ്യാർത്ഥികളുടേയും മോപ് അപ് രജിസ്ട്രേഷൻ ഫീസ് അനാവശ്യ ഓപ്ഷൻ നൽകിയതിനുള്ള പെനാൽറ്റിയായി കണക്കാക്കുന്നതും ഫീസ് തിരികെ നല്കുന്നതുമല്ല.

പ്രവേശനവുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോളേജുമായി ബന്ധപ്പെടേണ്ടതാണ്.

കുറിപ്പ് –

1. സർക്കാർ/എയ്ഡഡ് കോളേജുകളിൽ മുൻ അലോട്ട്മെന്റ് പ്രകാരം അഡ്മിഷൻ ലഭിച്ചിരുന്ന വിദ്യാർത്ഥികൾ ഈ ഘട്ടത്തിലെ ഓപ്ഷൻ പ്രകാരം പുതിയ അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള പക്ഷം നിർബന്ധമായും പുതിയ അലോട്ട്മെന്റ് സ്വീകരിക്കേണ്ടതാണ്. ഈ ഘട്ടത്തിലെ സർക്കാർ/എയ്ഡഡ് കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികളുടെ മുൻ അലോട്ട്മെന്റ് പ്രകാരം ലഭിച്ചിരുന്ന അഡ്മിഷൻ റദ്ദായിട്ടുണ്ട്.
2. 22.10.2022 വൈകിട്ട് 5 മണിക്ക് ശേഷം ഒഴിവു വരുന്ന സീറ്റുകൾ സ്പോട്ട് അഡ്മിഷൻ മുഖാന്തിരം ബന്ധപ്പെട്ട കോളേജുകൾ നികത്തുന്നതാണ്.

അലോട്ട്മെന്റ് സംബന്ധിച്ച എല്ലാ വിശദാംശങ്ങളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.10.20 19:10:05 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**20/10/2022**